# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3165** **13.10.11 ൽ -മറുപടിക്ക്**

**റേഷൻകടകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) റേഷൻ കടകൾ മുഖേന ലഭ്യമാക്കുന്ന സാധനങ്ങളുടെ വില വിവരം കടകളിൽ എഴുതി പ്രദർശിപ്പിക്കുന്നതിന് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) റേഷൻ കടകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരം ഇപ്പോഴും സാധാരണക്കാരിൽ എത്തുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) പരാതികൾ ശ്രദ്ധിക്കപ്പെടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുകയും, കുറ്റക്കാരായ റേഷൻ വ്യാപാരികൾക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |
| (സി) പ്രസ്തുത വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഓരോ വിഭാഗം റേഷൻ കാർഡിനും ഓരോ മാസവും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവ്, അവയുടെ വില എന്നിവ അതാത് റേഷൻ കടകളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മാത്രമല്ല പ്രസ്തുത വിവരങ്ങൾ പത്രമാദ്ധ്യമങ്ങളിലൂടെ അറിയിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ